നമ്പർ. NEP/34739/2019/DGE

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 28.09.2019

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - അമിത ശബ്ദ ഉപയോഗത്തിന്റെ ദൂഷ്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടി സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അമിത ശബ്ദ ഉപയോഗം ഒരു സാമൂഹിക-ആരോഗ്യപ്രശ്നമായി മാറിയിരിക്കുന്നു. വിദ്യാർത്ഥികൾക്കിടയിൽ മൊബൈൽ ഫോണിന്റെയും ഇയർ ഫോണുകളുടെയും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളുടേയും അമിതമായ ഉപയോഗം കണ്ടുവരുന്നു. തുടർച്ചയായി കടുത്ത ശബ്ദം ശ്രവിക്കുന്നത് വിദ്യാർത്ഥികളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നുവെന്ന് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നു. ശരിയായ അവബോധത്തിന്റെ അഭാവമാണ് ഈ അവസ്ഥയുടെ പ്രധാന കാരണം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഗ്രീൻ പ്രോട്ടോകോളിന്റെ തുടർച്ചയായി വിദ്യാർത്ഥികളുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന കടുത്ത ശബ്ദം വിദ്യാലയങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള 'സുരക്ഷിത ശബ്ദമേഖലാ ക്യാമ്പസ് പദ്ധതി'ക്ക് ഒക്ടോബർ 1 മുതൽ തുടക്കം കുറിയ്ക്കുകയാണ്. വിവിധ അനുബന്ധ പരിപാടികൾ സംഘടിപ്പിച്ച് സുരക്ഷിതമായ പരിധിയിൽ ശബ്ദം ഉപയോഗിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരിക്കുന്നു.

ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഒക്ടോബർ 1 '**സുരക്ഷിത ശബ്ദ ദിന**'മായി ആചരിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷനു (ഐ.എം.എ.)മായി സഹകരിച്ച് വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രസ്തുത ദിവസം രാവിലെ 10.30 ന് വിക്ടേഴ്സ് ചാനലിൽ പ്രത്യേക ബോധവൽക്കരണ പരിപാടി സംപ്രേഷണം ചെയ്യുന്നതാണ്. ശബ്ദം, ശബ്ദഉപയോഗത്തിലെ ശാസ്ത്രീയത, ശബ്ദത്തിന്റെ ദുരുപയോഗം, ശബ്ദ ഉപയോഗം സംബന്ധിച്ച നിയമങ്ങൾ എന്നീ മേഖലകൾ ഉൾപ്പെടുത്തി വിദഗ്ധർ പങ്കെടുക്കുന്ന ചർച്ച ഉൾപ്പെട്ട പരിപാടിയാണ് സംപ്രേഷണം ചെയ്യുന്നത്. ഈ പരിപാടി കേബിൾ ശൃംഖല വഴിയോ ഇന്റർനെറ്റ് സംവിധാനം വഴിയോ (victers.kite.kerala.gov.in) കാണാവുന്നതാണ്. കൂടാതെ ഡൗൺലോഡ് ചെയ്ത് കാണിക്കാവുന്നതരത്തിൽ കൈറ്റിന്റെ യൂട്യൂബ് ചാനലിൽ (youtube.com/itsvicters) രാവിലെ 11.00 മണി മുതൽ പരിപാടി ലഭ്യമാക്കുന്നതാണ്.

എല്ലാ വിദ്യാർത്ഥികൾക്കും പരിപാടി കാണുന്നതിനുള്ള സംവിധാനം സ്കൂൾതലത്തിൽ പ്രഥമാധ്യാപകർ ക്രമീകരിക്കേണ്ടതാണ്. ഈ പരിപാടിയുടെ പുനഃസംപ്രേഷണം ഉച്ചയ്ക്ക് 01.00 മണിയ്ക്കും വൈകിട്ട് 07.30 നും ഉണ്ടായിരിക്കും.

ഓരോ ജില്ലയിലും ഈ ദിനത്തിൽ വിദ്യാഭ്യാസ വകുപ്പും ഐ.എം.എ.യും ചേർന്ന് ജില്ലാതല ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതാണ്. ഇതിനായി ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ വേദിയാകേണ്ട സ്കൂളുകൾ തെരഞ്ഞെടുത്ത് ജില്ലയിലെ ഐ.എം.എ. അധികൃതരെ അറിയിക്കേണ്ടതും ആയതിനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ആർ.ഡി.ഡി./എ.ഡി.മാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും.

പകർപ്പ്: വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്